# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 554 22.05.2017-ലെ മറുപടിക്ക്

### ഹയർസെക്കന്ററി സ്കൂളുകളിൽ ഏകോപിത ഭരണ സമ്പ്രദായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.കെ. ബാബു | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർസെക്കന്ററി സ്കൂളുകളിൽ പത്താംക്ലാസ് വരെയുള്ള വിഭാഗത്തിന്റെയും ഹയർസെക്കന്ററി വിഭാഗത്തിന്റെയും ഭരണപരമായ നിയന്ത്രണത്തിനായി ഏകോപിത ഭരണ സമ്പ്രദായം രൂപീകരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| (ബി) | കുട്ടികളുടെ എണ്ണത്തിനനുസൃതമായി വിദ്യാലയങ്ങളുടെ എണ്ണം പര്യാപ്തമായതിനാൽ, എയ്ഡഡ്-അൺ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിച്ച് നിലവിലുള്ളവയെ തകർച്ചയിലേക്ക് നയിക്കുന്ന രീതി നിർത്തലാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അൺ-എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നില്ല. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്ക് നിരാക്ഷേപ പത്രം (NOC) നൽകുന്നതും അൺ-എയ്ഡഡ്/എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതും തൽക്കാലം നിർത്തി വച്ചിട്ടുണ്ട്. |
| (സി) | ഓരോ വർഷവുമുള്ള അധ്യാപക തസ്തിക നിർണ്ണയ പ്രക്രിയ അഴിമതി പ്രേരകം മാത്രമായി മാറുന്നുവെന്ന ആക്ഷേപമുള്ളതിനാൽ ഈ സമ്പ്രദായം പുനഃപരിശോധിക്കാൻ നടപടിയുണ്ടാകുമോ? | (സി) | യു.ഐ.ഡി സ്കൈങ്ങിന്റെ അടിസ്ഥാനത്തിലുള്ള നിലവിലെ തസ്തികനിർണ്ണയ സംവിധാനം പുനഃപരിശോധിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ